**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം ബ്ലാവനയിൽ പുതിയ റേഷൻകട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രദേശവാസികളായ 246 പേർ ഒപ്പിട്ട കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.02.2021 ൽ നടന്ന അടിയന്തിര യോഗത്തിലെ നാലാം നമ്പർ തീരുമാനം സഹിതം എറണാകുളം ജില്ലാ സപ്ലൈ ആഫീസറുടെ കാര്യാലയത്തിൽ ലഭിച്ച നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏകദേശം 3000 ത്തോളം ആളുകൾ അധിവസിക്കുന്ന പൂയംകുട്ടി, മണികണ്ഠംചാൽ മേഖലകളിലായി നിലവിൽ ഒരു റേഷൻകട മാത്രമാണ് ഉള്ളത് എന്നതിനാൽ റേഷൻ സാധനങ്ങൾ വാങ്ങാൻ പ്രദേശവാസികൾക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പൂയംകുട്ടി, കുറ്റിയാംച്ചാൽ, കല്ലേലിമേട് എന്നിവിടങ്ങളിൽ നിലവിൽ ഓരോ റേഷൻകട വീതം പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ആദിവാസി കോളനികൾ ഉൾപ്പെടുന്ന പ്രദേശങ്ങളായ പൂയംകുട്ടി, മണികണ്ഠംചാൽ പ്രദേശങ്ങൾക്ക് പുറമെ കല്ലേലിമേട് ആദിവാസി കോളനിയിലേക്കും ബ്ലാവനയിൽ നിന്നാണ് യാത്ര ആരംഭിക്കുന്നത് എന്നതിനാൽ മേൽപറഞ്ഞ പ്രദേശങ്ങളിലെ ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ